# കൈപ്പുഴ ഉത്പാദക കമ്പനിയുടെ നീരപ്ലാന്റ് ശിലാസ്ഥാപനം 19 ന്

കൊച്ചി: ഇരുപതുകോടി രൂപ മൂലധന നിക്ഷേപം നടത്തി നിർമിക്കുന്ന കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയുടെ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനം 19 നു രാവിലെ ഒൻപതിനു മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. മൈനാഗപ്പിള്ളിക്കു സമീപം തോട്ടുംമുഖത്ത് കമ്പനിയുടെ വക 150 സെന്റ് സ്ഥലത്ത് നിർമിക്കുന്ന പ്ലാന്റിനാണ് തറക്കല്ലിടുന്നത്. നീര, നീരയിൽ നിന്നുള്ള ഇതര ഉത്പന്നങ്ങൾ തേങ്ങയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളായ എഡിബിൾ ഓയിൽ, വെളിച്ചെണ്ണ ഹെയർടോണിക്, പായ്ക്കറ്റിലാക്കിയ കരിക്കിൻ വെള്ളം, നാളികേര ക്രീം, നാളികേരപ്പൊടി, ബിസ്ക്കറ്റ്, ചോക്ലേറ്റ്, ജാം, ഐസ്ക്രീം എന്നിവയും പ്ലാന്റിൽ ഉത്പാദിപ്പിക്കുമെന്ന് കമ്പനി അധികൃതർ പത്രക്കുറിപ്പിൽ അറിയിച്ചു.

നീര പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കടപ്പ തോട്ടുംമുഖത്ത് പ്രത്യേകം തയാറാക്കിയ വേദിയിൽ നടക്കുന്ന ശിലാസ്ഥാപന സമ്മേളനം കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷത വഹിക്കും. ചടങ്ങിൽ നീരയുത്പന്നങ്ങളുടെ ലോഗോ പ്രകാശനം തൊഴിൽ മന്ത്രി ഷിബു ബേബി ജോണും കമ്പനിയുടെ നീര വെബ്സൈറ്റിന്റെ ഉദ്ഘാടനം എക്സൈസ് മന്ത്രി കെ.ബാബുവും നിർവഹിക്കും. നീരയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണോദ്ഘാടനം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടി നിർവഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ്, എൻ.കെ.പ്രേമചന്ദ്രൻ, നീര കമ്മിറ്റി മെംബർ ബാബു ജോസഫ്, ജില്ലാ സഹകരണ ബാങ്ക് ചെയർമാൻ കെ.സി.രാജൻ, ജില്ലാ ഗവൺമെന്റ് പ്ലീഡർ സുധീർ ജേക്കബ്, ഡെപ്യൂട്ടി കമ്മീഷണർ ഓഫ് എക്സൈസ് ബാബുക്കുട്ടൻ തുടങ്ങിയവർ പ്രസംഗിക്കും. കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ സ്വാഗതവും മാനേജിംഗ് ഡയറക്ടർ ജയമോൻ നന്ദിയും പറയും.

അടുത്ത രണ്ടു മാസത്തിനുള്ളിൽതന്നെ നീരപ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ജൂലൈ 15 ന് കേരളത്തിലാദ്യമായി കമ്പനിയുടെ പേരിലുള്ള ബ്രാൻഡഡ് നീരയുത്പന്നങ്ങളുടെ ഔദ്യോഗിക വിതരണോദ്ഘാടനം നിർവഹിക്കുമെന്നു ചെയർമാൻ ഷാജഹാൻ വ്യക്തമാക്കി.

പ്രതിദിനം 10000 ലിറ്റർ നീര സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളായിരിക്കും തുടക്കത്തിൽ ഉണ്ടാവുക. നീരയുടെ അളവു കൂടുന്നതനുസരിച്ച് പ്ലാന്റിന്റെ ശേഷി പിന്നീടു വികസിപ്പിക്കാനുമാവും. 5.73 കോടിയാണ് നീര പ്ലാന്റിന്റെ മാത്രം എസ്റ്റിമേറ്റ്. ഇതിൽ ഒരു കോടി രൂപ കെട്ടിടത്തിന് ചെലവു വരും. ജില്ലയിൽ നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനായി എട്ടു മാസ്റ്റർ ടെക്നീഷ്യന്മാർ ബോർഡിന്റെ ആലുവയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നു പരിശീലനം പൂർത്തിയാക്കികഴിഞ്ഞു. ഇവരെക്കൊണ്ട് കമ്പനിക്കാവശ്യമായ ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കാനുള്ള കേന്ദ്രവും നിശ്ചയിച്ചിട്ടുണ്ട്. പരിശീലന സമയത്ത് ശേഖരിക്കുന്ന നീര ഉപയോഗിച്ച് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിന് 10 വനിതകളെ തെരഞ്ഞെടുത്ത് നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തുള്ള സിഐടി പരിശീലന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കും. 1500 തെങ്ങുകൾ ടാപ്പു ചെയ്യാനാണ് ഇപ്പോൾ കമ്പനിക്ക് ലൈസൻസ് ലഭിച്ചിട്ടുള്ളത്.